**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2680** **06-10-2025 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്) വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിൽ (ഹാൻവീവ്) നിന്ന് വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങൾ യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. 2018, 2019 ലെ പ്രളയവും, 2020 കോവിഡ് കാലയളവിലും ഷോറൂമുകൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യവും ഉണ്ടായതിനാൽ കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയിരുന്നു. കൂടാതെ വർക്കിംഗ് ക്യാപിറ്റൽ ഷോർട്ടേജ് മൂലം നൂൽ വാങ്ങുന്നതിനും കൂടുതൽ കൈത്തറി ഉല്പ്പന്നങ്ങൾ ഉല്പ്പാദിപ്പിച്ച് വിപണിയിൽ എത്തിക്കാനും കഴിയാത്ത സാഹചര്യമുണ്ടായി. കഴിഞ്ഞ 4 വർഷങ്ങളായി കോർപ്പറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുകയാണ്. മാസാമാസങ്ങളിൽ നൂൽ, കൂലി, ജീവനക്കാർക്കുള്ള വേതനം, വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ എന്നിവ സമയബന്ധിതമായി നൽകുവാൻ സാധിച്ചിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചരിത്രത്തിലാദ്യമായി വ്യവസായ വകുപ്പിന് കീഴിൽ നഷ്ടത്തിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിലെ വിരമിച്ച ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി ബാദ്ധ്യത തീർക്കുന്നതിന് വേണ്ടി തുക വകയിരുത്തുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി ഹാൻവീവിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷം 175 ലക്ഷം രൂപ അനുവദിച്ച് നൽകുകയും 2025-26 സാമ്പത്തിക വർഷം 75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. |
| (ബി) | വിരമിച്ച എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കോർപ്പറേഷനിൽ നിന്നും വിരമിച്ച / രാജി വച്ച 36 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും 70 ജീവനക്കാർക്ക് ടെർമിനൽ സറണ്ടറും നൽകുവാനുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവർക്ക് അടിയന്തരമായി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കോർപ്പറേഷന്റെ വിൽപനയിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തിയും കോർപ്പറേഷന് ലഭിക്കാനുള്ള ഫണ്ടുകൾ ലഭ്യമാക്കിയും വിരമിച്ച ജീവനക്കാർക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ